പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 405 **13-10-2026-ൽ മറുപടിയ്ക്ക്**

പുതുക്കാട് ആമ്പല്ലൂർ ഭാഗത്തുവച്ചുണ്ടായ അപകടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പുതുക്കാട് നിയോജക മണ്ഡലത്തിലെ ആമ്പല്ലൂർ, ഭരതയിൽ ഇഞ്ചോടി വീട്ടിൽ പ്രസന്നയുടെ മകൻ അമൽകൃഷ്ണ സുഹൃത്തുക്കളായ അഭിലാഷ്, വിഷ്ണു എന്നിവർ ബൈക്കിൽ സഞ്ചരിക്കുമ്പോൾ പിന്നിൽ നിന്ന് പോലീസ് ജീപ്പിടിച്ചു വീഴ്ത്തിയതായുള്ള പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

മറുപടി: പ്രസ്തുത പരാതിയിന്മേൽ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ മഹേഷ് സി.എ, CPO മാരായ ഫൈസൽ എം. യു, യദുകൃഷ്ണൻ ഇ.സി, നവീൻ കുമാർ പി.ഡി എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാൾക്കാർക്കെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങളെ കുറിച്ച് 1958 - ലെ കെ.പി.ഡി.ഐ.പി. & എ റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ അനുശാസിക്കും വിധം വിശദമായ ഒരു വാച്യാന്വേഷണം നടത്തുന്നതിന് ഇരിങ്ങാലക്കുട സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ തൃശ്ശൂർ റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി) പ്രസ്തുത പരാതിയിന്മേൽ അടിയന്തരമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ